# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5193. 02.07.2013 ൽ മറുപടിയ്ക്ക്.

മാല്യങ്കരപ്പാലം വഴി ബസ് സർവ്വീസ്

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) എറണാകുളം തീരദേശ മേഖലയെ വടക്കൻ ജില്ല കളുമായി ബന്ധിപ്പിക്കുന്ന മാല്യങ്കരപ്പാലം വഴി സർവ്വീസു നടത്താൻ എത്ര ബസ്സുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ടെന്നും ഇതിൽ എത്ര സ്വകാര്യ ബസ് പെർമിറ്റുണ്ടെന്നും വ്യക്തമാക്കാമോ ; | (എ) | എറണാകുളം തീരദേശ മേഖലയെ വടക്കൻ ജില്ലകളുമായി ബന്ധിപ്പിക്കുന്ന മാല്യങ്കരപ്പാലം വഴി സർവ്വീസ് നടത്താൻ 9 കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കും 11 സ്വകാര്യ ബസ്സുകൾക്കും പെർമിറ്റ് നൽകിയിട്ടുണ്ട്. |
| (ബി) ആയിരക്കണക്കിന് യാത്രക്കാർ പ്രസ്തുത പാലംവഴി കൊടുങ്ങല്ലൂർക്ക് യാത്ര ചെയ്യുന്നതിന് മതിയായ ബസ്സുകൾ ഇല്ലാത്തത് മൂലം ബുദ്ധിമുട്ടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഈ റൂട്ടിൽ കൂടുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | കൂടുതൽ ബസ്സുകളും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (ഡി) പ്രസ്തുത റൂട്ടിൽ സർവ്വീസ് നടത്തുന്നതിന് കെ. എസ്. ആർ.ടി.സി. തയ്യാറല്ലെങ്കിൽ പുതുതായി സ്വകാര്യ ബസ്സ് പെർമിറ്റ് അനുവദിച്ച് കടുത്ത യാത്രാക്ലേശം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | പ്രസ്തുത റൂട്ടിൽ കെ.എസ്.ആർ.ടി.സി.യും സ്വകാര്യ ബസ്സുകളും ആവശ്യത്തിന് സർവ്വീസ് നടത്തിവരുന്നതിനാൽ യാത്രാക്ലേശമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി. പരിശോധിക്കുന്നതാണ്. സ്വകാര്യ ബസ്സുകൾ പെർമിറ്റിനായി അപേക്ഷ നൽകിയാൽ അവയും നിയമാനുസൃതം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.